# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2952 07.11.2019 ൽ മറുപടിക്ക്

## മാനന്തവാടി മണ്ഡലത്തിലെ റോഡ് നവീകരണം

| ചോദ്യം<br>ശ്രീ.ഒ. ആർ. കേളു | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി നിയോജക മണ്ഡലത്തിലെ എത്ര കിലോമീറ്റർ റോഡാണ് നവീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; ഇതിന് വിവിധ പദ്ധതികളിലായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി നിയോജക മണ്ഡലത്തിലെ 165.605 കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം നവീകരിക്കുന്നത്. ഇതിനായി വിവിധ പദ്ധതികളിലായി 157.09 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ CRF പദ്ധതിയിൽ ഉൾപ്പെടുത്തി മാനന്തവാടി നിയോജകമണ്ഡലത്തിലെ 23 കി.മീ ഉൾപ്പെടുന്ന റോഡുകൾക്ക് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും 29.2 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് ആകെ എത്ര കിലോമീറ്റർ റോഡാണുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) മാനന്തവാടി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ 307.023 കിലോമീറ്റർ റോഡുണ്ട്. |

സെക്ഷൻ ഓഫീസർ